©
കേരള സർക്കാർ
Government of Kerala
2015

Regn. No. KERBIL/2012/45073
dated 5-9-2012 with RNI

Reg. No. KL/TV(N)/634/2015-17

കേരള ഗസറ്റ്
KERALA GAZETTE

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

വാല്യം 4 / Vol. IV | തിരുവനന്തപുരം, ചൊവ്വ / Thiruvananthapuram, Tuesday | 2015 ജൂൺ 16 / 16th June 2015 | 1190 മിഥുനം 1 / 1st Mithunam 1190 | 1937 ജ്യൈഷ്ഠം 26 / 26th Jyaishta 1937 | നമ്പർ / No. 24

PART III
Co-operative Department

ക്ലെയിം നോട്ടീസ്

പത്തനംതിട്ട ജില്ലാ സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ) അവർകളുടെ 20-10-2014-ാം തീയതിയിലെ എസ്.സി.റ്റി.എം. 1696/2014-ാം നമ്പർ ഉത്തരവുപ്രകാരം എച്ച്.ഡബ്ല്യു. 2-ാം നമ്പർ നിരണം പട്ടികജാതി/പട്ടികവർഗ്ഗ സഹകരണസംഘം (ക്ലിപ്തം)-ന്റെ ലികിഡേറ്ററായി തിരുവല്ല സഹകരണ സംഘം അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ആഫീസിലെ നിരണം യൂണിറ്റ് ഇൻസ്പെക്ടറെ നിയമിച്ചിട്ടുള്ളതാകുന്നു. ടി സംഘത്തിൽ നിന്നും ആർക്കെങ്കിലും എന്തെങ്കിലും തുക കിട്ടാനുണ്ടെങ്കിൽ ആ വിവരം ഈ നോട്ടീസ് പരസ്യപ്പെടുത്തുന്ന തീയതി മുതൽ രണ്ടു മാസത്തിനകം ലികിഡേറ്ററായ എന്നെ നേരിലോ ചുമതലപ്പെട്ട പ്രതിനിധി മുഖാന്തിരമോ അറിയിക്കേണ്ടതാണെന്നും ടി സംഘത്തിലേക്ക് എന്തെങ്കിലും തുക ഈ ഇനത്തിൽ അടയ്ക്കാനുണ്ടെങ്കിൽ ടി തുക നേരിൽ തന്ന് രസീത് വാങ്ങേണ്ടതാണെന്നും അംഗങ്ങളെയും പൊതുജനത്തെയും ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

(ഒപ്പ്)

ലികിഡേറ്റർ,
നിരണം പട്ടികജാതി/പട്ടികവർഗ്ഗ
സഹകരണസംഘം (ക്ലിപ്തം)
നമ്പർ എച്ച്.ഡബ്ല്യു. 2.

തിരുവല്ല,
11-3-2015.

കോട്ടയം ജില്ലാ സഹകരണ സംഘം ജനറൽ വിഭാഗം ജോയിന്റ് രജിസ്ട്രാറുടെ നടപടിക്രമം
(ഹാജർ: ശ്രീ. എൻ. കെ. വിജയൻ)

(1)

നമ്പർ എ.ഇ.എൽ. 7413/2012. 2015 ഏപ്രിൽ 27.

വിഷയം:—കെ. 854 കൊമേഴ്സ്യൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി—ലികിഡേറ്ററെ നിയമിച്ച് ഉത്തരവാകുന്നത്—സംബന്ധിച്ച്.

സൂചന:—(1) കോട്ടയം അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)-ടെ 27-7-2013-ലെ കെ.ടി.എൻ/1754/11 നമ്പർ കത്ത്.

(2) കോട്ടയം യൂണിറ്റ് ഇൻസ്പെക്ടറുടെ 30-10-2012-ലെ 66(2) പ്രകാരമുള്ള അന്വേഷണ റിപ്പോർട്ട്.

കെ. 854 കൊമേഴ്സ്യൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി 14-11-2002 മുതൽ അഡ്മിനിസ്ട്രേറ്റർ ഭരണത്തിലാണ് പ്രവർത്തിച്ചിരുന്നത്. എന്നാൽ സംഘത്തിൽ തെരഞ്ഞെടുപ്പ് നടത്തി ഭരണ സമിതിയ്ക്ക് ചാർജ്ജ് കൈമാറാൻ അഡ്മിനിസ്ട്രേറ്റർക്ക് സാധിക്കാതെ വന്നതിനെ തുടർന്ന് അഡ്മിനിസ്ട്രേറ്ററുടെ കാലാവധി ദീർഘിപ്പിച്ച് നൽകുന്നത് ഉചിതമല്ല എന്നതിനാൽ സംഘം ലികിഡേറ്റ്

ചെയ്യുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ട താണെന്ന് ഈ ആഫീസിൽനിന്നും നിർദ്ദേശിച്ചിരുന്നു. ആയതിനെ തുടർന്ന് ഈ ആഫീസിലെ 17-9-2002-ലെ എച്ച്. എം. 5370/02-ാം നമ്പർ ഉത്തരവുപ്രകാരം കോട്ടയം അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ആഫീസിലെ കോട്ടയം യൂണിറ്റ് ഇൻസ്പെക്ടറെ എൻക്വയറി നടത്തുന്നതിനായി ചുമതലപ്പെടുത്തുകയും ചെയ്തു.

സൂചന (2) പ്രകാരം നടത്തിയ അന്വേഷണ റിപ്പോർട്ട് പ്രകാരം 17-8-1992-ൽ രജിസ്റ്റർ ചെയ്യുകയും 25-8-1992-ൽ പ്രവർത്തനം ആരംഭിക്കുകയും ചെയ്ത സഹകരണ സ്ഥാപന മാണ് കൊമേഴ്സ്യൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി. സംഘത്തിന്റെ ലഭ്യമായ 2010-2011 വർഷത്തെ ആഡിറ്റ് സർട്ടിഫിക്കറ്റ് പ്രകാരം 58 അംഗങ്ങളും ` 9200 അടച്ച് തീർത്ത ഓഹരി മൂലധനവും ഉണ്ട്. സംഘം 1995-96 മുതൽ പ്രവർത്തനരഹിതമാണ്. കോട്ടയം ജില്ലയിലെ ടൈപ്പ്റൈറ്റിംഗ് സ്ഥാപനങ്ങളും അതുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന വ്യക്തികളും ചേർന്ന് രൂപീകരിച്ചിട്ടുള്ള സംഘമാണിത്. ടൈപ്പ്റൈറ്ററിന്റെ സ്പെയർ പാർട്സുകൾ ന്യായമായ വിലയ്ക്ക് അംഗങ്ങൾക്ക് നൽകുക, അംഗങ്ങൾക്കു വേണ്ടി ടൈപ്പ്റൈറ്റർ വാങ്ങി വിതരണം ചെയ്യുക, ആയതിലേക്ക് ഏജൻസിയായി പ്രവർത്തിക്കുക, അംഗങ്ങൾക്ക് ആവശ്യമായ സാങ്കേതിക പരിജ്ഞാനം നൽകുക എന്നീ ഉദ്ദേശങ്ങളോടെയാണ് സംഘം പ്രവർത്തനം ആരംഭിച്ചിട്ടുള്ളത്.

കംപ്യൂട്ടർ വ്യാപകമായതോടെ ടൈപ്പ്റൈറ്റർ പുറം തള്ളപ്പെട്ടതുമൂലം കൊമേഴ്സ്യൽ ഇൻസ്റ്റിറ്റ്യൂട്ടുകളുടെ പ്രവർത്തനം മുന്നോട്ട് കൊണ്ടുപോകാൻ സാധിക്കാതെ വരികയും പ്രവർത്തനം നിലച്ചുപോകുകയും ചെയ്തിട്ടുള്ള താണ്. 29-10-2012-ൽ സംഘം മുൻഭരണസമിതി അംഗങ്ങൾക്ക് എൻക്വയറി ആഫീസർ സംഘം ആഫീസിൽവെച്ച് തെളിവെടുപ്പിനായി നോട്ടീസ് നൽകിയതിന്റെ അടിസ്ഥാനത്തിൽ ഭരണ സമിതി അംഗങ്ങളായ കെ. എൻ. വിഷ്ണുനമ്പൂതിരി, സി. കെ. ചന്ദ്രശേഖരൻ നായർ എന്നിവർ ഹാജരായി മൊഴി രേഖപ്പെടുത്തി, ടി മൊഴികളുടെ അടിസ്ഥാനത്തിൽ സംഘം തുടർന്ന് പ്രവർത്തിപ്പിക്കുവാൻ സാദ്ധ്യതയില്ലായെന്നും സംഘം സമാപ്തീകരണ നടപടികൾ ആരംഭിക്കാവുന്ന താണെന്നും ബോധിപ്പിച്ചിട്ടുണ്ട്.

സംഘത്തിന്റെ ലഭ്യമായ ഏറ്റവും ഒടുവിലത്തെ 2013-14 വർഷത്തെ ആഡിറ്റ് സർട്ടിഫിക്കറ്റ് പ്രകാരം സർക്കാരിലേക്ക് ആഡിറ്റ് ഫീസിനത്തിൽ ` 70-ും അഫിലിയേഷൻ ഫീസിനത്തിൽ ` 1750-ും അടയ്ക്കുവാനുണ്ട്. മറ്റ് സർക്കാർ ബാദ്ധ്യതകൾ ഒന്നുംതന്നെയില്ല. മേൽ സാഹചര്യത്തിൽ സൂചന(2) റിപ്പോർട്ടിന്റെയും സൂചന(1) കത്തിന്റെയും അടിസ്ഥാനത്തിൽ താഴെപ്പറയുന്ന ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഉത്തരവ്

കെ. 854 കൊമേഴ്സ്യൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുടെ പ്രവർത്തനം സമാപ്തീകരിച്ച് 1969-ലെ കേരള സഹകരണ നിയമം 71-ാം വകുപ്പ് പ്രകാരം ഉത്തരവാകുന്നു. കോട്ടയം സഹകരണ സംഘം അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ആഫീസിലെ കോട്ടയം നോർത്ത് യൂണിറ്റ് ഇൻസ്പെക്ടറെ 72-ാം വകുപ്പ് പ്രകാരം ലിക്വിഡേറ്ററായി നിയമിക്കുന്നു.

ലിക്വിഡേറ്റർ ഉടൻതന്നെ സംഘത്തിന്റെ മുതലുകളുടെയും റിക്കാർഡുകളുടേയും ചാർജ്ജ് ഏറ്റെടുക്കേണ്ടതും ഉത്തരവ് തീയതി മുതൽ 60 ദിവസം കഴിയുന്ന മുറയ്ക്ക് ലിക്വിഡേഷൻ നടപടികൾ ആരംഭിക്കേണ്ടതും നിശ്ചിത സമയത്തിനകം പൂർത്തീകരിക്കേണ്ടതുമാണ്.

ലിക്വിഡേറ്റർ ചാർജ്ജെടുത്ത തീയതി അറിയിക്കേണ്ടതും ഏറ്റെടുത്ത മുതലുകളുടെയും റിക്കാർഡുകളുടെയും പട്ടിക, ചാർജ്ജ് ഏറ്റെടുത്ത തീയതിയിലെ ബാക്കിപത്രം എന്നിവ തയ്യാറാക്കി സമർപ്പിക്കേണ്ടതും ലിക്വിഡേഷൻ പുരോഗതി പാദവാർഷികമായി നടത്തേണ്ടതുമാണ്.

സഹകരണസംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ) ആഫീസ്, കോട്ടയം. (ഒപ്പ്) ജോയിന്റ് രജിസ്ട്രാർ (ജനറൽ).

കോട്ടയം ജില്ലാ സഹകരണ സംഘം ജനറൽ വിഭാഗം ജോയിന്റ് രജിസ്ട്രാർ-ടെ നടപടിക്രമം

(ഹാജർ: ശ്രീ. എൻ. കെ. വിജയൻ)

നമ്പർ എ.ഇ.എൽ. 1098/2014. 2015 മേയ് 2.

വിഷയം:—കെ. 1009 അയ്മനം ലേബർ കോൺട്രാക്ട് സഹകരണസംഘം ക്ലിപ്തം—സമാപ്തീകരണം—ലിക്വിഡേറ്ററെ നിയമിച്ച് ഉത്തരവാകുന്നത്—സംബന്ധിച്ച്.

സൂചന:—(1) കോട്ടയം അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ആഫീസിലെ 10-1-2014-ലെ ജി/989/13(1)-ാം നമ്പർ ഉത്തരവ്.

(2) കുമാരനല്ലൂർ യൂണിറ്റ് ഇൻസ്പെക്ടർ വകുപ്പ് 66 പ്രകാരം നടത്തിയ അന്വേഷണ റിപ്പോർട്ട്.

(3) കോട്ടയം അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)-ടെ 30-1-2014-ലെ ജി. 989/13(1) നമ്പർ ശുപാർശ കത്ത്.

കെ. 1009-ാം നമ്പർ അയ്മനം ലേബർ കോൺട്രാക്ട് സഹകരണ സംഘത്തിന്റെ പ്രവർത്തനത്തെപ്പറ്റി കോട്ടയം അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)-ടെ സൂചന (1) ഉത്തരവ് പ്രകാരം കുമാരനല്ലൂർ യൂണിറ്റ് ഇൻസ്പെക്ടർ വകുപ്പ് 66 പ്രകാരം അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ള താണ്.

24-11-2001-ൽ രജിസ്റ്റർ ചെയ്ത് 26-11-2001-ൽ പ്രവർത്തനം ആരംഭിച്ച ടി സംഘത്തിന്റെ പ്രവർത്തന പരിധി കോട്ടയം താലൂക്കാണ്. സംഘത്തിന്റെ പ്രധാന ഉദ്ദേശം സംഘത്തിന്റെ പ്രവർത്തന പരിധിയിലുള്ള പൊതുമരാമത്ത് വേലകൾ ഏറ്റെടുത്ത് നടത്തുക എന്നുള്ളതായിരുന്നു.

ടി സംഘത്തിന്റെ പ്രമോട്ടിംഗ് കമ്മിറ്റിയുടെ കാലാവധിക്കുശേഷം ഭരണസമിതി ഇല്ലാത്തതും സംഘം വർഷങ്ങളായി പ്രവർത്തനരഹിതവുമാണ്. സംഘത്തിന്റെ ആഫീസ് എവിടെയെന്നോ സംഘവുമായി ബന്ധമുണ്ടായിരുന്ന വ്യക്തികളെക്കുറിച്ചോ യാതൊരു അറിവുമില്ലായെന്നും സംഘത്തിൽ ആഡിറ്റ് നടന്നിട്ടില്ലായെന്നും സംഘത്തിന്റെ മിനിട്ട്സ് ബുക്ക്, നാൾവഴി, ലഡ്ജർ തുടങ്ങിയ പ്രധാനപ്പെട്ട രേഖകളൊന്നും അന്വേഷണ ഉദ്യോഗസ്ഥന് ലഭിച്ചിട്ടില്ലായെന്നും റിപ്പോർട്ടിൽ പരാമർശിച്ചിരിക്കുന്നു.

സംഘം പുനരുജ്ജീവിപ്പിക്കുന്നതിന് താൽപ്പര്യമുള്ളപക്ഷം 22-1-2014-ാം തീയതിയിൽ കോട്ടയം അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ആഫീസിൽ അന്വേഷണ ഉദ്യോഗസ്ഥൻ മുമ്പാകെ ഹാജരാകണമെന്നും അല്ലാത്തപക്ഷം ടി സംഘം പ്രവർത്തിപ്പിക്കുന്നതിന് യാതൊരു താൽപ്പര്യവുമില്ലായെന്നുള്ള നിലയിൽ സമാപ്തീകരണ നടപടിയുമായി മുന്നോട്ട്

പോകുമെന്ന് അറിയിച്ചുകൊണ്ട് സംഘം പ്രമോട്ടിംഗ് കമ്മിറ്റി അംഗങ്ങൾക്ക് നോട്ടീസ് അയച്ചുവെങ്കിലും നിശ്ചയിക്കപ്പെട്ട ദിവസത്തിനുള്ളിലോ നാളിതുവരെയോ ബന്ധപ്പെട്ടവർ ഹാജരായിട്ടില്ല എന്നുള്ള വിവരം 66 പ്രകാരമുള്ള അന്വേഷണ റിപ്പോർട്ടിൽ പരാമർശിക്കുന്നുണ്ട്.

മേൽ സാഹചര്യത്തിൽ സംഘം തുടർന്ന് പ്രവർത്തിക്കുവാൻ സാധിക്കുകയില്ല എന്ന് ബോദ്ധ്യം വന്നതിനാൽ താഴെപ്പറയുന്ന ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഉത്തരവ്

കെ. 1009-ാം നമ്പർ അയ്മനം ലേബർ കോൺട്രാക്ട് സഹകരണ സംഘം ക്ലിപ്തത്തിന്റെ പ്രവർത്തനം 1969-ലെ കേരള സഹകരണ നിയമം വകുപ്പ് 71 പ്രകാരം സമാപ്തീകരിച്ചുകൊണ്ട് വകുപ്പ് 72 പ്രകാരം കോട്ടയം അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ആഫീസിലെ കുമാരനല്ലൂർ യൂണിറ്റ് ഇൻസ്പെക്ടറെ ലിക്വിഡേറ്ററായി നിയമിച്ച് ഇതിനാൽ ഉത്തരവാകുന്നു.

ലിക്വിഡേറ്റർ സംഘത്തിന്റെ റിക്കാർഡുകളും ആസ്തികളും കൈവശപ്പെടുത്തേണ്ടതും ഈ ഉത്തരവ് തീയതി മുതൽ 60 ദിവസം കഴിയുന്ന മുറയ്ക്ക് ലിക്വിഡേഷൻ നടപടികൾ ആരംഭിക്കേണ്ടതും നിയമാനുസൃതം നിശ്ചിത സമയപരിധിക്കുള്ളിൽ ടി നടപടികൾ പൂർത്തീകരിക്കേണ്ടതുമാണ്.

ലിക്വിഡേറ്റർ ചാർജ്ജെടുത്ത റിക്കാർഡുകളുടെയും ചാർജ്ജെടുത്ത തീയതിയിലെ ആസ്തി ബാദ്ധ്യതകളുടെ വിവരവും ഈ ആഫീസിൽ അറിയിക്കേണ്ടതും ലിക്വിഡേഷൻ പുരോഗതി പാദവാർഷികമായി റിപ്പോർട്ടു ചെയ്യേണ്ടതുമാണ്.

സഹകരണസംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ) ആഫീസ്, കോട്ടയം. (ഒപ്പ്) ജോയിന്റ് രജിസ്ട്രാർ (ജനറൽ).

REGISTRATION CERTIFICATE

I do hereby certify in exercise of the powers conferred on me under section 7 of the Kerala Co-operative Societies Act, 1969 (Act 21 of 1969) that the following societies, the particulars which are furnished in the Categorical Statements are registered by me today as a Co-operative Society under the said Act on the basis of limited liabilities and that the bye-laws of the undermentioned societies are also hereby registered under the said section.

Categorical Statements

(1)

No. O-7550/2014. *4th May 2015.*

1. Name and Number of the Society—Sreemoolanagaram Agricultural Improvement Co-operative Society Ltd. No. E-1294.
2. Date of Registration—4-5-2015.
3. Address—Sreemoolanagaram P. O., Aluva, Pin-686 681.
4. Liability—Limited.
5. Area of operation—Sreemoolanagaram Grama Panchayath of Ernakulam District.
6. Main Object— To promote self help, mutual help and Co-operation among members and also to promote economic interests of its members.
7. Authorized Share Capital— ` 77,50,000.

   (A Class—50000 Shares of ` 100 each.

   B Class—5000 Shares of ` 500 each.

   C Class—10000 Shares of ` 25 each.)
8. Maximum borrowing limit—150 times of (paid up Share Capital Plus Reserve Fund).
9. Category as per KCS Act—Rule 15-1 A.(3) Primary (a) Agricultural Improvement Co-operative Societies.

(2)

No. O-10034/2014. *4th May 2015.*

1. Name and Number of the Society—Varappetty Panchayat Vanitha Co-operative Society Ltd. No. E-1293.
2. Date of Registration—4-5-2015.
3. Address—Kozhippilly P. O., Inchoor, Kothamangalam.
4. Liability—Limited.
5. Area of operation—Varappetty Panchayat of Kothamangalam Taluk.
6. Main Object— To promote self help, mutual help and Co-operation among members and also to promote economic interests of its members.
7. Authorized Share Capital— ` 30,00,000.

   (A Class—20000 Shares of ` 100 each.

   B Class—1900 Shares of ` 500 each.

   C Class—2500 Shares of ` 20 each.)
8. Maximum borrowing limit—150 times of (paid up Share Capital Plus Reserve Fund.)
9. Category as per KCS Act—Rule 15-10 Vanitha Co-operative Societies (1) Primary Women Co-operative Societies.

Office of the Joint Registrar of Co-operative Societies (General), Kakkanad, Ernakulam. (Sd.) *Joint Registrar (General).*

വയനാട് ജില്ലാ സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ)-ടെ നടപടിക്രമം

[ഹാജർ: ശ്രീ. വി. കെ. അഷ്റഫ്, ജോയിന്റ് രജിസ്ട്രാർ (ജനറൽ)]

നമ്പർ എ.ഇ.എൽ. 2835/2013. 2015 ഏപ്രിൽ 20.

വിഷയം:—ക്ലിപ്തം നമ്പർ ഡബ്യൂ.225 സുൽത്താൻബത്തേരി സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക്—സമാപ്തീകരണം—രജിസ്ട്രേഷൻ റദ്ദ് ചെയ്യുന്നത്—സംബന്ധിച്ച്.

സൂചന:—(1) 12-8-2015-ലെ കേരള സഹകരണസംഘം (3-ാം ഭേദഗതി) ഓർഡിനൻസ് 2011/ഓർഡിനൻസ് നമ്പർ 45/2011.

(2) ഈ ആഫീസിലെ 30-12-2013, 22-4-2014 എന്നീ തീയതികളിലെ എ. ഇ. എൽ./2835/13-ാം നമ്പർ ഉത്തരവ്

(3) 16-3-2015-ലെ സുൽത്താൻബത്തേരി അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)-ടെ 928/13 നമ്പർ ഉത്തരവ്.

സൂചന (1) പ്രകാരം പുറപ്പെടുവിച്ച ഓർഡിനൻസ്, വ്യവസ്ഥകൾ അനുസരിച്ചുള്ള ഭേദഗതി പ്രകാരം സുൽത്താൻബത്തേരി താലൂക്ക് പ്രൈമറി കോ-ഓപ്പറേറ്റീവ് അഗ്രികൾച്ചറൽ റൂറൽ ഡവലപ്മെന്റ് ബാങ്ക് ലിമിറ്റഡ് നമ്പർ ഡബ്ല്യൂ. 299 എന്ന പേരിൽ പുതിയ ബാങ്ക് 24-2-2012-ന് രജിസ്റ്റർ ചെയ്യപ്പെടുകയും മേൽ ദിവസം മുതൽ പ്രവർത്തനം ആരംഭിക്കുകയും ചെയ്ത പ്രസ്തുത ബാങ്കിന് സംസ്ഥാന സഹകരണ കാർഷിക വികസന ബാങ്കിൽ അഫിലിയേഷൻ ലഭിക്കുകയും 12-8-2011-ലെ 45/11 ഓർഡിനൻസ് പ്രകാരം ഡബ്ല്യൂ. 225-ാം നമ്പർ സുൽത്താൻബത്തേരി കാർഷിക ഗ്രാമ വികസന ബാങ്ക് സാധുവല്ലാതായിതീരുകയും ഈ ബാങ്കിന്റെ എല്ലാ ആസ്തി ബാധ്യതകളും മറ്റു ബാങ്കായ എൽ. എൽ. 230 വയനാട് കാർഷിക വികസന ബാങ്കിൽ ലയിപ്പിക്കുകയും ആയതിന് അംഗീകാരം ലഭിക്കുകയും പ്രസ്തുത നടപടി 31-10-2011-ലെ ആഡിറ്റ് പ്രകാരം സ്ഥിരീകരിക്കുകയും ചെയ്തിട്ടുണ്ട്.

സൂചന (2) പ്രകാരം എൽ. എൽ. 230 വയനാട് സുൽത്താൻബത്തേരി കാർഷിക ഗ്രാമവികസന ബാങ്കിന്റെ ബത്തേരി താലൂക്കിലുള്ള എല്ലാ മെമ്പർമാരുടെയും ചലിക്കുന്നതും ചലിക്കാത്തതുമായ എല്ലാ ആസ്തി ബാധ്യതകളും സ്പെഷ്യൽ ആഫീസറുടെ അധീനതയിൽ 299-ാം നമ്പർ ബാങ്കിൽ ലയിപ്പിക്കുകയും ആയത്പ്രകാരം 1-11-2011 മുതൽ 23-3-2012 വരെയും 24-2-2012 മുതൽ 31-3-2012 വരെയുള്ള ആഡിറ്റും പൂർത്തീകരിച്ച് എല്ലാ വിഭജന നടപടികളും 23-12-2012-ന് പ്രാബല്യം നൽകി പൂർത്തീകരിച്ച സാഹചര്യത്തിൽ സൂചന (4) പ്രകാരം സുൽത്താൻബത്തേരി സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക് ക്ലിപ്തം നമ്പർ 225 സമാപ്തീകരിച്ചുകൊണ്ട് ലിക്വിഡേറ്റർ ഉത്തരവായിട്ടുള്ളതാണ്. ആയതിന്റെ അടിസ്ഥാനത്തിൽ ലിക്വിഡേറ്റർ സംഘത്തിന്റെ രജിസ്ട്രേഷൻ 73(3) വകുപ്പ് പ്രകാരം റദ്ദ് ചെയ്യുന്നതിന് ശുപാർശ ചെയ്തതിന്റെ സാഹചര്യത്തിൽ താഴെപ്പറയുന്ന ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഉത്തരവ്

സംഘം ലിക്വിഡേറ്ററുടെ സൂചന (3)-ലെ നടപടിക്രമങ്ങൾ അംഗീകരിച്ചുകൊണ്ടും ക്ലിപ്തം നമ്പർ ഡബ്ല്യൂ. 225 സുൽത്താൻബത്തേരി സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കിന്റെ രജിസ്ട്രേഷൻ 1969-ലെ കേരള സഹകരണ നിയമം വകുപ്പ് 74 പ്രകാരം റദ്ദ് ചെയ്തുകൊണ്ടും ഉത്തരവാകുന്നു. ഇതു സംബന്ധിച്ചുള്ള രേഖകൾ ലിക്വിഡേറ്റർ 3 വർഷക്കാലം സൂക്ഷിക്കേണ്ടതും അതിനു ശേഷം ഈ ആഫീസിന്റെ മുൻകൂട്ടിയുള്ള അനുവാദത്തോടെ നശിപ്പിക്കേണ്ടതുമാണ്.

സുൽത്താൻബത്തേരി സഹകരണ കാർഷിക ഗ്രാമവികസന ബാങ്ക് ക്ലിപ്തം നമ്പർ ഡബ്ല്യൂ-225-ന്റെ ലിക്വിഡേറ്ററുടെ നടപടിക്രമത്തിന്റെ പകർപ്പ്

[ഹാജർ: ശ്രീ. കെ. സി. ജോസഫ്, അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) സുൽത്താൻബത്തേരി, ലിക്വിഡേറ്റർ]

നമ്പർ 928/2013. 2015 മാർച്ച് 16.

വിഷയം:—സുൽത്താൻബത്തേരി സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക് ക്ലിപ്തം നമ്പർ ഡബ്ല്യൂ. 225-ന്റെ പരിസമാപ്തീകരണം—സംബന്ധിച്ച്.

സൂചന:—(1) 12-8-2011-ലെ കേരള സഹകരണസംഘം (3-ാം ഭേദഗതി) ഓർഡിനൻസ് 2011/ഓർഡിനൻസ് നമ്പർ 45/2011.

(2) സഹകരണസംഘം രജിസ്ട്രാറുടെ 23-8-2013-ലെ സി.എൽ.റ്റി (3) 33358/2013 നമ്പർ കത്ത്.

(3) ഈ ആഫീസിലെ 10-12-2013-ലെ 928/13 നമ്പർ കത്ത്.

(4) സഹകരണസംഘം ജോയിന്റ് രജിസ്ട്രാറുടെ 30-12-2013, 22-4-2014 എന്നീ തീയതികളിലെ എ. ഇ. എൽ./2835/13-ാം നമ്പർ ഉത്തരവ്.

(5) സുൽത്താൻബത്തേരി പ്രാഥമിക സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക് ക്ലിപ്തം നമ്പർ ഡബ്ല്യൂ-299-ന്റെ സെക്രട്ടറിയുടെ 13-10-2014-ലെ കത്ത്.

(6) 24-2-2012 മുതൽ 31-3-2012 വരെയുള്ള ഓഡിറ്റ് റിപ്പോർട്ടിലെ ഓഡിറ്റ് പ്രത്യേക പരാമർശം.

വയനാട് പ്രാഥമിക സഹകരണ കാർഷിക ഗ്രാമവികസന ബാങ്കിന്റെ പ്രവർത്തന പരിധിയിൽ സുൽത്താൻബത്തേരി സഹകരണ കാർഷിക ഗ്രാമവികസന ബാങ്ക് ക്ലിപ്തം നമ്പർ ഡബ്ല്യൂ-225 രജിസ്റ്റർ ചെയ്ത് പ്രവർത്തന പരിധി, ആസ്തി ബാദ്ധ്യതകൾ എന്നിവ വിഭജിക്കാതെയായിരുന്നതിനാൽ സഹകരണ നിയമത്തിൽ വരുത്തിയ ഭേദഗതി നിലവിൽ വന്ന തീയതിയായ 12-8-2011 മുതൽ സുൽത്താൻബത്തേരി സഹകരണ കാർഷിക ഗ്രാമവികസന ബാങ്കിന്റെ രജിസ്ട്രേഷൻ അസാധുവാക്കുകയും വിഭജന പ്രക്രിയ പ്രകാരം സുൽത്താൻബത്തേരി താലൂക്ക് പ്രൈമറി കോ-ഓപ്പറേറ്റീവ് അഗ്രികൾച്ചറൽ ആന്റ് റൂറൽ ഡെവലപ്മെന്റ് ബാങ്ക് ലിമിറ്റഡ് നമ്പർ ഡബ്ല്യൂ 299 എന്ന പേരിൽ പുതിയ ബാങ്ക് രജിസ്റ്റർ ചെയ്യുകയും ചെയ്തിട്ടുണ്ട്.

സഹകരണ നിയമത്തിൽ വരുത്തിയ മേൽഭേദഗതിയുടെ അടിസ്ഥാനത്തിലുള്ള വിഭജന പ്രക്രിയപ്രകാരം സുൽത്താൻബത്തേരി താലൂക്ക് പ്രവർത്തന പരിധിയായി 24-2-2012-ന് രജിസ്റ്റർ ചെയ്യുകയും മേൽദിവസം മുതൽ പ്രവർത്തനം ആരംഭിക്കുകയും ചെയ്ത സുൽത്താൻബത്തേരി താലൂക്ക് പ്രൈമറി കോ-ഓപ്പറേറ്റീവ് അഗ്രികൾച്ചറൽ ആന്റ് റൂറൽ ഡെവലപ്മെന്റ് ബാങ്ക് ലിമിറ്റഡ് നമ്പർ ഡബ്ല്യു 299-ന് കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് അഗ്രികൾച്ചറൽ ആന്റ് റൂറൽ ഡെവലപ്മെന്റ് ബാങ്കിൽ അഫിലിയേഷൻ ലഭിക്കുകയും ചെയ്തിട്ടുണ്ട്.

12-8-2011-ലെ 45/11 ഓർഡിനൻസ് പ്രകാരം ഡബ്ല്യു-225-ാം നമ്പർ സുൽത്താൻബത്തേരി കാർഷിക ഗ്രാമവികസന ബാങ്ക് സാധുവല്ലാതായി തീരുകയും ഈ ബാങ്കിന്റെ എല്ലാ ആസ്തി ബാദ്ധ്യതകളും മാതൃ ബാങ്കായ എൽ.എൽ. 230-വയനാട് കാർഷിക ഗ്രാമവികസന ബാങ്കിൽ ലയിപ്പിക്കുകയും 31-10-2011-ാം തീയതി പ്രാബല്യം നൽകിക്കൊണ്ട് ഡബ്ല്യു 225-ാം നമ്പർ ബാങ്കിന്റെ എല്ലാ ആസ്തി ബാദ്ധ്യതകളും ലയിപ്പിച്ചതിന് അംഗീകാരം നൽകുകയും മേൽനടപടി 31-10-2011-ലെ ആഡിറ്റ് പ്രകാരം സ്ഥിരീകരിക്കുകയും ചെയ്തതിനാൽ 31-10-2011 മുതൽ ഡബ്ല്യു 225-ാം നമ്പർ സുൽത്താൻബത്തേരി കാർഷിക ഗ്രാമ വികസന ബാങ്ക് വോയിഡ് (void) ആയ സാഹചര്യത്തിൽ സൂചന (4) പ്രകാരം ടി ബാങ്കിന്റെ പ്രവർത്തനം സമാപ്തീകരിച്ചുകൊണ്ട് ഉത്തരവായിരുന്നു. ടി ബാങ്കിന്റെ ലിക്വിഡേറ്റർ 8-5-2014-ന് ചാർജ്ജെടുക്കുകയും തുടർ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

എൽ.എൽ. 230-വയനാട് കാർഷിക ഗ്രാമവികസന ബാങ്കിന്റെ സുൽത്താൻബത്തേരി താലൂക്കിലുള്ള എല്ലാ മെമ്പർമാരുടെയും ആസ്തി ബാദ്ധ്യതകളും ചലിക്കുന്നതും ചലിക്കാത്തതുമായ എല്ലാ പ്രോപ്പർട്ടികളും സ്പെഷ്യൽ ഓഫീസറുടെ അധീനതയിൽ എടുത്ത എല്ലാ ആസ്തി ബാദ്ധ്യതകളും ഡബ്ല്യു-299-ാം നമ്പർ ബാങ്കിൽ ലയിപ്പിക്കുകയും ആയതിൻപ്രകാരം 1-11-2011 മുതൽ 23-3-2012 വരെയും 24-2-2012 മുതൽ 31-3-2012 വരെയുമുള്ള ആഡിറ്റും പൂർത്തീകരിച്ച് എല്ലാ വിഭജന നടപടികളും 23-2-2012-ൽ പ്രാബല്യം നൽകി പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. 24-2-2012 മുതൽ 31-3-2012 വരെയുള്ള ഓഡിറ്റ് റിപ്പോർട്ടിൽ ഓഡിറ്റർ പ്രത്യേക പരാമർശമായി വിഭജന പ്രക്രിയ പൂർത്തീകരിച്ചതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ താഴെ പറയുന്ന ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഉത്തരവ്

സുൽത്താൻബത്തേരി സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക് ക്ലിപ്തം നമ്പർ ഡബ്ല്യു-225 കേരള സഹകരണ സംഘം നിയമം 73(3) വകുപ്പ് പ്രകാരം അന്തിമമായി സമാപ്തീകരിച്ചുകൊണ്ട് ഇതിനാൽ ഉത്തരവാകുന്നു. മേൽ സാഹചര്യത്തിൽ രജിസ്ട്രേഷൻ വകുപ്പ് 74 പ്രകാരം റദ്ദുചെയ്യുന്നതിന് വയനാട് ജില്ലാ സഹകരണ സംഘം (ജനറൽ) അവർകളോട് ശുപാർശ ചെയ്യുന്നു.

സഹകരണസംഘം ജോയിന്റ്
രജിസ്ട്രാർ (ജനറൽ) ആഫീസ്, (ഒപ്പ്)
നോർത്ത് കൽപ്പറ്റ, ജോയിന്റ് രജിസ്ട്രാർ
വയനാട്. (ജനറൽ).